THE SPOTLIGHT

Voice of fathima

Fathima Arts and Sciences College Moothedam

Managed by The Malankara Catholic Diocese of Bathery,
Affiliated to University of Calicut.
Moothedam, Nilambur, Malappuram Dt-679331
www.fasc.ac.in ,fasc.ac.in@gmail.com

2026 OCTOBER — DIGITAL MAGAZINE — ISSUE#8

വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ്





മൂത്തേടം: ഫാത്തിമ കോളേജിൽ 2026-2027 അധ്യയന വർഷത്തേക്കുള്ള കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഒക്ടോബർ 16 ബുധനാഴ്ച സമാധാനപരമായി നടന്നു. യൂണിവേഴ്സിറ്റി നിർദേശ പ്രകാരം റിട്ടേണിംഗ് ഓഫീസർ ഡോ.നാജിയ ബീഗം,അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരായ സി.നിഖിൽ,കെ.ശരണ്യ എന്നിവരുടെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയത്. രണ്ടു ഘട്ടങ്ങളിലായി നടന്ന ശക്തമായ മത്സര ത്തിനൊടുവിലാണ് പുതിയ യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുത്തത്. വിജയികളെ കോളേജ് മാനേജ്മെന്റും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അഭിനന്ദിച്ചു.

2026- 27 കോളേജ് യൂണിയൻ ഭാരവാഹികൾ









Scanned with OKEN Scanner

ബി.കോം കോ-ഓപ്പറേഷൻ ആഡ്-ഓൺ കോഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം





മൂത്തേടം: ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജ് ബി.കോം കോ-ഓപ്പറേഷൻ വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് ആഡ്-ഓൺ കോഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സ്മാർട്ട് ക്ലാസ്റൂമിൽ നടന്ന ചടങ്ങിൽ 'അക്കൗണ്ട്സ് ആൻഡ് ടാക്സേഷൻ' എന്ന ആഡ്-ഓൺ കോഴ്സിന്റെ ലക്ഷ്യ ങ്ങൾ, പ്രായോഗിക സാധ്യതകൾ,തൊഴിൽ പരമായ പ്രയോജനങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി.

KIIMS ബി-സ്കൂളിൽ നിന്നുള്ള അക്കൗണ്ട്സ് ആൻഡ് ടാക്സേഷൻ ട്രെയിനർ ഷെരീഫ് നെച്ചിയിൽ, മാനേജിംഗ് ഡയറക്ടർ കെ.പി സിയാദ് മുഹമ്മദ് . എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ തൊഴിൽസാധ്യതകൾ വർധിപ്പിക്കുന്നതിൽ ആഡ്-ഓൺ കോഴ്സുകൾക്കുള്ള പ്രാധാന്യം, അക്കൗണ്ടിംഗ് മേഖലയിലെ പ്രായോഗിക പരിജ്ഞാനം, നികുതി നടപടിക്രമങ്ങൾ, വാണിജ്യ മേഖലയിലെ വിവിധ തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ച് സംസാരിക്കുകയും വിദ്യാർത്ഥികളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

ബി.കോം കോ-ഓപ്പറേഷൻ പി.ജി. വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ഫാക്കൽറ്റി കോർഡിനേറ്ററുമായ കെ.ശരണ്യ, ഒന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയും സ്റ്റുഡന്റ് കോർഡിനേറ്ററുമായ ഫാത്തിമ റിസാന പി. എന്നിവർ പരിപാടിയുടെ ഏകോപനം നിർവഹിച്ചു.

എൻഎസ്എസ് യൂണിറ്റിന്റെ യൂണിറ്റ് 'മദേഴ്സ് ഹോപ്പ്' വൃദ്ധസദന സന്ദർശനം

മൂത്തേടം: ഫാത്തിമ കോളേജ് എൻ.എസ്. എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മൂത്തേടം കുറ്റിക്കാട് 'മദേഴ്സ് ഹോപ്പ്' വൃദ്ധസദനം സന്ദർശിച്ചു. അന്തേവാസി കളെ നേരിൽ കണ്ട് പരിചയപ്പെടുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനുമായാണ് സന്ദർശനം സംഘടിപ്പി ച്ചത്.ചടങ്ങിൽ എൻ.എസ്.എസ് വളണ്ടിയർമാർ മുതിർന്ന പൗരന്മാരുമായി സമയം ചെലവഴിക്കുകയും അവരുടെ വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്തു. അന്തേവാസി കളുടെ മാനസിക സന്തോഷത്തിനായി വിവിധ കലാപരിപാ ടികളും സന്ദർശനത്തിന്റെ ഭാഗമായി സംഘ ടിപ്പിച്ചിരുന്നു.സമൂഹത്തിലെ വയോജനങ്ങ ളോട് പ്രതിബദ്ധത പുലർത്തേണ്ടതി ന്റെയും അവരെ ചേർത്തുപിടിക്കേണ്ടതി ന്റെയും പ്രാധാന്യം മനസ്സിലാക്കാൻ ഇത്തരം പ്രവർ ത്തനങ്ങൾ വിദ്യാർത്ഥികൾക്ക് പ്രചോദന മാകുമെന്ന് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ പറഞ്ഞു. പരിപാടിയിൽ എൻ. എസ്.എസ് വളണ്ടിയർമാരും അധ്യാപകരും പങ്കെടുത്തു.



എൻഎസ്എസ് വിദ്യാർഥികൾ
മദേഴ്സ് ഹോപ്പ് വൃദ്ധസദനത്തിൽ

Scanned with OKEN Scanner

'ഹൃദയത്തിൽ വയലാർ' അനുസ്മരണവും ഗാനാഞ്ജലിയും



മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ വയലാർ രാമവർമ്മയുടെ സ്മരണ പുതുക്കി 'ഹൃദയത്തിൽ വയലാർ' അനുസ്മരണവും ഗാനാഞ്ജലിയും സംഘടിപ്പിച്ചു. കോളേജി ലെ സൗണ്ട് ഗാർഡൻ മ്യൂസിക് ക്ലബ്ബിന്റെയും സമന്വയ റൈറ്റേഴ്സ് ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തി ലാണ് പരിപാടി സംഘടിപ്പിച്ചത്.കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് ഫിലിപ്പ് നൈനാൻ പരിപാടി ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ സൗണ്ട് ഗാർഡൻ മ്യൂസിക് ക്ലബ്ബ് കോ-ഓർഡിനേറ്റർ കെ. ശരണ്യ അധ്യക്ഷത വഹിച്ചു.
മലയാള വിഭാഗം അധ്യാപകൻ ടി.കെ. സതീശൻ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. സമന്വയ റൈറ്റേഴ്സ് ക്ലബ് കോർഡിനേറ്റർ എം. ശ്രീലത സ്വാഗതവും മലയാള വിഭാഗം അധ്യാപിക ടി. അഞ്ജന കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.അധ്യാപികമാരായ അശ്വതി വിനുകുമാർ , രേവതി ആനന്ദ്, വി.ബി.ധന്യ, ബിൻസി, ടി.ദൃശ്യ,ഫാസില, ജിനേഷ് ബാലാജി തുടങ്ങിയാർ സംബന്ധിച്ചുതുടർന്ന് വിദ്യാർത്ഥികളും അധ്യാപകരും അണിനി രന്ന വയലാർ ഗാനാർച്ചനയും അരങ്ങേറി. വയലാറിന്റെ പ്രശസ്തമായ ചലച്ചിത്ര ഗാനങ്ങളും കവിതകളും കോർത്തിണ ക്കിക്കൊണ്ട് സംഘടിപ്പിച്ച ഗാനാർച്ചന ശ്രദ്ധേയമായി







വയലാർ അനുസ്മരണം ശ്രീ.ഫിലിപ്പ് നൈനാൻ ഉദ്ഘാടനം ചെയ്യുന്നു

മ്യൂസിക് ക്ലബ്ബ് കോർഡിനേറ്റർ കെ.ശരണ്യ

സമന്വയ ക്ലബ്ബ് കോ - ഓർഡിനേറ്റർ എം. ശ്രീലത



എറണാകുളം കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ കോട്ടയം മഹാത്മാഗാന്ധി സർവ്വ കലാ ശാല മലയാള വിഭാഗം, ഫോർട്ട് കൊച്ചി സാന്റാക്രൂസ് ഹയർ സെക്കന്ററി എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാറിൽ'കേരളീയ കലകൾ ചരി ത്രം, പ്രതിരോധം,പുനർവായന'എന്ന വിഷയ ത്തിൽ മലയാള വിഭാഗം മേധാവി ശ്രീമതി. എം.ശ്രീലത പ്രബന്ധം അവതരിപ്പിക്കുന്നു



ഫാത്തിമ കോളേജ് ലൈബ്രറിയുടെ 'The Spotlight' വാർത്താപത്രിക യിലേക്കുള്ള സൃഷ്ടികൾ 7594932104 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യുക

ഫാത്തിമ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന മാസാന്ത വാർത്താപത്രികയായ 'The Spotlight' ഏഴാം പതിപ്പ് മലയാളം വിഭാഗം മേധാവി എം ശ്രീലത പ്രകാശം ചെയ്യുന്നു

"പഴയൊരു ചരിത്രത്തിൻ ചുവടു പിടിച്ചു ഞാൻ
പദമുദ്ര തിരഞ്ഞു നടന്നു പണ്ട്.
എവിടെയോ മൺമറഞ്ഞുപോയൊരെൻ പൂർവ്വിക-
രാവഴി നടന്നു മറഞ്ഞുപോയി.
.."

-പാദ മുദ്രകൾ

Scanned with OKEN Scanner

സാമ്പത്തിക അവബോധം വളർത്താൻ 'പിഗ്ഗി ബാങ്കിംഗ്'

മൂത്തേടം: ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ സമ്പാദ്യശീലവും സാമ്പത്തിക അച്ചടക്കവും വളർത്തുക ലക്ഷ്യമിട്ട് മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിലെ ബി.കോം കോ-ഓപ്പറേഷൻ വിഭാഗം വിദ്യാർത്ഥികൾ കരുനെച്ചി ലിറ്റിൽ ഫ്ലവർ എ.എൽ.പി.എസ് സ്കൂളിൽ കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാം സംഘടിപ്പിച്ചു.
"പിഗ്ഗി ബാങ്കിംഗ്: എ മിനി സേവിംഗ് പ്ലാൻ" (Piggy Banking: A Mini Saving Plan) എന്ന പേരിൽ നടത്തിയ പരിപാടി സ്കൂൾ വിദ്യാ ർത്ഥികൾക്ക് ഏറെ വിജ്ഞാനപ്രദമായി മാറി. കൃത്യമായ ഇടവേളകളിൽ പണം സമ്പാദിക്കേണ്ടതിന്റെ ആവശ്യകത, പണ ത്തിന്റെ മൂല്യം, സാമ്പത്തിക അച്ചടക്കം എന്നിവ ലളിതമായ ഉദാഹരണങ്ങളിലൂടെ യും സംവേദനാത്മക പ്രവർത്തനങ്ങളി ലൂടെയും കുട്ടികൾക്ക് പരിചയപ്പെടുത്തി ക്കൊടുത്തു.ചെറിയ തുകകൾ പതിവായി സ്വരൂപിക്കാനും, ഭാവിയിലേക്കായി ഉത്തര വാദിത്തത്തോടെ പണം ചെലവഴിക്കുന്ന തിനുള്ള ശീലങ്ങൾ രൂപീകരിക്കാനും പരിപാടിയിലൂടെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. കോളേജ് വിദ്യാർത്ഥി കളുടെ നേതൃത്വത്തിൽ നടന്ന ഈ സദ്സംരംഭത്തെ സ്കൂൾ അധികൃതരും അധ്യാപകരും അഭിനന്ദിച്ചു.



കോളേജ് സി.ഇ.ഒ ഫാ. അബ്രഹാം പതാക്കലിന്റെ തിരുനാൾ ദിനം (Feast Day) വിപുലമായ പരിപാടിക ളോടെ ആഘോഷിച്ചു. കോളേജ് പ്രിൻസിപ്പാൾ ഫാ.ഡോ. ഷിബിൻ പി. ജെയിംസ് അദ്ദേഹത്തിന് പൂച്ചെണ്ട് നൽകി ആദരിച്ചു. തുടർന്ന് കേക്ക് മുറിച്ച് സന്തോഷം പങ്കുവെച്ച ചടങ്ങിൽ കോളേജിലെ മുഴുവൻ സഹപ്രവർത്തകരും സന്നിഹിതരായിരുന്നു.



സെൽഫി സ്പോട്ടിലേക്ക് നിങ്ങൾക്കും സെൽഫികൾ അയക്കാം
+91 75949 32104



ബി.കോം.കോ-ഓപ്പറേഷൻ വിഭാഗ വിദ്യാ ർത്ഥികൾ കരുനെച്ചി ലിറ്റിൽ ഫ്ലവർ എ. എൽ.പി.എസ് സ്കൂളിൽ കമ്മ്യൂണിറ്റി ഔട്ട് റീച്ച് പ്രോഗ്രാം

എഡിറ്റോറിയൽ

നമ്മുടെ കലാലയ കാമ്പസ് ഇന്ന് അറിവിന്റെയും സർഗ്ഗാത്മകതയുടെയും സാമൂഹിക പ്രതിബദ്ധതയുടെയും നിറസാന്നിധ്യത്താൽ സജീവമാണ്. സമൂഹത്തോടുള്ള ഉത്തരവാദിത്തം തിരിച്ചറിഞ്ഞു കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ കോളേജിൽ അരങ്ങേറിയത്.
ഗാന്ധിജയന്തിയും ജനാധിപത്യ പൗരബോധവും ഉയർത്തിപ്പിടിച്ചുകൊണ്ട് കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് മാതൃകാപരമായി പൂർത്തിയായത് വിദ്യാർത്ഥികളിൽ രാഷ്ട്രീയ പക്വതയും നേതൃഗുണവും വളർത്തുന്നതിൽ വലിയ പങ്കുവഹിക്കും. കേവലം പാഠ്യപദ്ധതിക്കപ്പുറം സാമൂഹിക യാഥാർത്ഥ്യങ്ങളിലേക്ക് കണ്ണുതുറക്കാൻ ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.
സാമൂഹിക സേവനത്തിന്റെ ഭാഗമായി, മൂത്തേടം കുറ്റിക്കാട് 'മദേഴ്സ് ഹോപ്പ്' വൃദ്ധസദനം സന്ദർശിച്ച എൻ.എസ്.എസ്. യൂണിറ്റിന്റെ പ്രവർത്തനം ഏറെ ശ്ലാഘനീയമാണ്. അതുപോലെ തന്നെ, ബി.കോം കോ-ഓപ്പറേഷൻ വിഭാഗം സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച "പിഗ്ഗി ബാങ്കിംഗ്: എ മിനി സേവിംഗ് പ്ലാൻ" കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാം, ചെറുപ്രായത്തിൽ തന്നെ പണം സമ്പാദിക്കുന്നതിന്റെയും സാമ്പത്തിക സുരക്ഷിതത്വത്തിന്റെയും പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിൽ വിജയിച്ചു.
സാംസ്കാരിക രംഗത്തും നമ്മുടെ കലാലയം സജീവമാണ്. സൗണ്ട് ഗാർഡൻ മ്യൂസിക് ക്ലബ്ബിന്റെയും സമന്വയ റൈറ്റേഴ്സ് ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, മലയാളിയുടെ ഗാനാത്മകതയ്ക്ക് പുതിയൊരു ഭാവം നൽകിയ വയലാർ രാമവർമ്മയുടെ സ്മരണ പുതുക്കി സംഘടിപ്പിച്ച 'ഹൃദയത്തിൽ വയലാർ' അനുസ്മരണവും ഗാനാഞ്ജലിയും ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. ഒപ്പം, പുതിയ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ബി.കോം കോ-ഓപ്പറേഷൻ ആഡ്-ഓൺ കോഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം ഭാവിയിലേക്കുള്ള മികച്ച ചുവടുവെപ്പായി മാറി. അക്കാദമിക മികവിനൊപ്പം സാമൂഹിക പ്രതിബദ്ധതയും സർഗ്ഗാത്മകതയും കൈമുതലായുള്ള ഒരു പിടി നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ നമ്മുടെ കലാലയം എന്നും മുന്നിലുണ്ട്. ഈ കൂട്ടായ്മയും പ്രവർത്തനങ്ങളും കൂടുതൽ ഉയരങ്ങളിലെത്താൻ നമുക്ക് ഒരുമിച്ചു നിൽക്കാം.

Scanned with OKEN Scanner